42 (438) ജലസേചനപദ്ധതികൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണി നടന്നുവരുന്ന വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയുടെ പണി എന്നാണ് ആരംഭിച്ചത്;

(സി) ഇവയ്ക്ക് ഇതുവരെ എന്ത് തുക ചെലവായി;

(ഡി) ഇനി എന്ത് തുകയും എത്ര കാലവുംകൊണ്ട് ഇവയുടെ പണി പൂർത്തിയാകും;

(ഇ) ഇവയുടെ പണി എന്ന് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(എഫ്) ഇവയുടെ ഒറിജിനൽ എസ്റ്റിമേറ്റ് എത്രയായിരുന്നു;

(ജി) ഒരു ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുന്നതിന് എന്ത് ചെലവ് വരുമെന്നാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചിരുന്നത്; ഇപ്പോഴത്തെ ക്രമമനുസരിച്ച് ഈ ജലസേചനപദ്ധതിയിലോരോന്നും മുഖേന ജലസേചനം ചെയ്യുന്ന ഓരോ ഹെക്ടർ ഭൂമിയുടേയും ജലസേചനത്തിന് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ജി) ചോദ്യങ്ങൾക്കുള്ള ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

43 (439) പണിപൂർത്തിയായ ജലസേചന പദ്ധതികൾ

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ജലസേചന പദ്ധതികളുടെ പണി ഇതിനകം പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം;

(ബി) പണിനടന്നുകൊണ്ടിരിക്കുന്ന എത്ര എണ്ണം പൂർത്തിയാക്കാനുണ്ട്; ഏതെല്ലാം;

(സി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാകും;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി എത്ര ജലസേചന പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു; എവിടെയെല്ലാം;

(ഇ) ഓരോന്നിന്റെയും അടങ്കൽത്തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനഞ്ച് ജലസേചന പദ്ധതികൾ ഇതിനകം പൂർത്തിയായി. അവ കുറ്റ്യാടി, മലമ്പുഴ, മംഗലം, ചിറ്റൂർപുഴ, ഗായത്രി, വാളയാർ, പോത്തുണ്ടി, പീച്ചി, ചീരക്കുഴി, വാഴാനി, ചാലക്കുടി, ചിമ്മിനി, പെരിയാർവാലി, പമ്പ, നെയ്യാർ എന്നിവയാണ്.

(ബി)&(സി) എട്ട് പദ്ധതികൾ പണിപൂർത്തിയാക്കാനുണ്ട്. അവയും പൂർത്തിയാക്കാനുള്ള കാലവും താഴെ കൊടുത്തിരിക്കുന്നു.

പഴശ്ശി - 1999-2000

കാരാപ്പുഴ - 9-ാം പദ്ധതിക്കാലത്ത്

കാഞ്ഞിരപ്പുഴ - 1999-2000

കുരിയാർകുറ്റി കാരപ്പാറ - 9-ാം പദ്ധതിക്കാലത്ത്.

ഇടമലയാർ- 9-ാം പദ്ധതിക്കാലത്ത്.

കണക്കൻകടവിലെ ബ്രിഡ്ജ് കം റെഗുലേറ്റർ പദ്ധതി - 1999-2000

മൂവാറ്റുപുഴ നദീതട പദ്ധതി - 9-ാം പദ്ധതിക്കാലത്ത്.

കല്ലട - 2000-2001

(ഡി)&(ഇ) വൻകിട-ഇടത്തരം മേഖലയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

44 (440) ശുദ്ധജലവിതരണ പദ്ധതി

ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വിദേശ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(ബി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

---

† അനുബന്ധം VI

†' അനുബന്ധം VII (1) (2)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - VI

നക്ഷത്രചിഹ്നമിടാത്ത 43 (439)-ാം നമ്പർ ചോദ്യം കാണുക

	പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതികളുടെ പേര്	ഉദ്ദേശ അടങ്കൽ തുക രൂപ (കോടി)	പദ്ധതി സ്ഥിതി ചെയ്യുന്ന സ്ഥലം
1.	തൃത്താല ബ്രിഡ്ജ് കം റഗുലേറ്റർ	19 (1996-ലെ നിരക്ക്)	പാലക്കാട് ജില്ല
2.	ചമ്രവട്ടം ബ്രിഡ്ജ് കം റഗുലേറ്റർ	70 (1996-ലെ നിരക്ക്)	മലപ്പുറം ജില്ല
3.	ബാണാസുരസാഗർ ജലസേചനപദ്ധതി	38 (1996-ലെ നിരക്ക്)	വയനാട് ജില്ല.
4.	അട്ടപ്പാടി ജലസേചനപദ്ധതി	120 (1996-ലെ നിരക്ക്)	പാലക്കാട് ജില്ല
5.	വാമനപുരം ജലസേചനപദ്ധതി	222 (1996-ലെ നിരക്ക്)	തിരുവനന്തപുരം ജില്ല
6.	മീനച്ചിൽ ജലസേചനപദ്ധതി	132 (1996-ലെ നിരക്ക്)	കോട്ടയം ജില്ല
7.	ചാലിയാർ ജലസേചനപദ്ധതി	448 (1996-ലെ നിരക്ക്)	മലപ്പുറം ജില്ല
8.	മുന്നാംകടവ് ജലസേചനപദ്ധതി	91 (1996-ലെ നിരക്ക്)	കാസർഗോഡ് ജില്ല (ചന്ദ്രഗിരിപ്പുഴ)
9.	കേരള ഭവാനി ജലസേചനപദ്ധതി	തിട്ടപ്പെടുത്തിയിട്ടില്ല	ഭവാനി സബ് ബേസിൻ
10.	പാന്തൻതോട് ജലസേചനപദ്ധതി	,,	,,
11.	ആറളം ജലസേചനപദ്ധതി	,,	,,
12.	തുടക്കി ജലസേചനപദ്ധതി	,,	,,
13.	ചുണ്ടലിപ്പുഴ ജലസേചനപദ്ധതി	30 (1990 ലെ നിരക്ക്)	കബനി സബ് ബേസിൻ-വയനാട് ജില്ല
14.	കല്ലംപതി ജലസേചനപദ്ധതി	40 (1990 ലെ നിരക്ക്)	,,
15.	ചീഘട്ട് ജലസേചനപദ്ധതി	2.5 (1990 ലെ നിരക്ക്)	,,
16.	കടമൻതോട് ജലസേചനപദ്ധതി	30 (1990 ലെ നിരക്ക്)	,,
17.	നൂൽപ്പുഴ ജലസേചനപദ്ധതി	40 (1990 ലെ നിരക്ക്)	,,
18.	മഞ്ചാട്ട് ജലസേചനപദ്ധതി	തിട്ടപ്പെടുത്തിയിട്ടില്ല	,,
19.	തിരുനെല്ലി ജലസേചനപദ്ധതി	,,	,,
20.	തൊണ്ടാർ ജലസേചനപദ്ധതി	,,	,,
21.	പെരിങ്ങോട്ടുപുഴ ജലസേചനപദ്ധതി	,,	,,
22.	തലയാർ ജലസേചനപദ്ധതി	,,	പാമ്പാർ സബ്ബേസിൻ ഇടുക്കി ജില്ല
23.	ചെങ്കുളാർ ജലസേചനപദ്ധതി	,,	,,
24.	വട്ടവട ജലസേചനപദ്ധതി	,,	,,
25.	ചമ്പക്കാട് ജലസേചനപദ്ധതി	,,	,,
26.	പയശ്വിനി ജലസേചനപദ്ധതി	18 (1990 ലെ നിരക്ക്)	ചന്ദ്രഗിരിപ്പുഴ കാസർഗോഡ് ജില്ല

LIBRARY ARCHIVES Kerala Legislative Assembly